എ.ഇ.എല്‍ /4429/13

സഹകരണസംഘം രജിസ്ട്രാര്‍ ആഫീസ്
തിരുവനന്തപുരം, തീയതി : 20/2/2013

Email : keralarcs.coop.@kerala.gov.in
Website : www co.operation. kerala.gov.in
Tel : No. 0471 2330726

# സര്‍ക്കുലര്‍ നമ്പര്‍ 13/2013

വിഷയം: സഹകരണ വകുപ്പ് – **97**–ാം ഭരണഘടനാ ഭേദഗതി–1969 ലെ കേരള സഹകരണ നിയമം 2013 ലെ ഭേദഗതി –സഹകരണ സംഘങ്ങളുടെ ആഡിറ്റ് സമകാലികം ആക്കുന്നതിന് മാര്‍ഗ്ഗ നിര്‍ദ്ദേശങ്ങള്‍ പുറപ്പെടുവിക്കുന്നത്–സംബന്ധിച്ച്.

സൂചന: ബഹുമാനപ്പെട്ട സഹകരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയില്‍ 1.2.13–ന് ചേര്‍ന്ന യോഗത്തിലെ തീരുമാനങ്ങള്‍.

.................

**97**–ാം ഭരണഘടനാ ഭേദഗതി നിയമം 15/2/13 മുതല്‍ പ്രാബല്യത്തില്‍ വരികയും, ഭരണഘടനയുടെ പാര്‍ട്ട് IV–ല്‍ ആര്‍ട്ടിക്കിള്‍ 43 ബി പുതുതായി ചേര്‍ക്കുകയും സഹകരണ സംഘങ്ങള്‍ എന്ന പുതിയ പാര്‍ട്ട് (IX B) ചേര്‍ക്കുകയും ചെയ്തിട്ടുണ്ട്.

ആര്‍ട്ടിക്കിള്‍ 243 ZM പ്രകാരം സാമ്പത്തിക വര്‍ഷം അവസാനിച്ച് **6** മാസത്തിനകം സഹകരണ സ്ഥാപനങ്ങളുടെ ആഡിറ്റ് നടത്തിയിരിക്കണമെന്നും അപ്പക്സ് സഹകരണ സ്ഥാപനങ്ങളുടെ ആഡിറ്റ് സര്‍ട്ടിഫിക്കറ്റ് സംസ്ഥാന നിയമസഭാ മുമ്പാകെ സമര്‍പ്പിക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. മേല്‍ പറഞ്ഞ വ്യവസ്ഥകള്‍ ഉള്‍ക്കൊള്ളിച്ച് 2013 ഫെബ്രുവരി 15–ന് നിയമം പ്രാബല്യത്തില്‍ വന്നതിനാല്‍ സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളുടെ ആഡിറ്റ് സമകാലീനമാക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനുമായി ഒരു തീവ്രയജ്ഞ പരിപാടി ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനായി താഴെ പറയുന്ന മാര്‍ഗ്ഗനിര്‍ദ്ദേശം പുറപ്പെടുവിക്കുന്നു.

1. സംസ്ഥാനത്തെ എല്ലാ മേഖലകളിലെയും സഹകരണ സ്ഥാപനങ്ങളുടെ 2012–2013 വര്‍ഷത്തെ ആഡിറ്റ്, 2013 സെപതംബര്‍ 30–ന് മുമ്പ് പൂര്‍ത്തിയാക്കി, സര്‍ട്ടിഫിക്കറ്റ് സംഘങ്ങള്‍ക്ക് ലഭ്യമാക്കി, അതാത് സംഘങ്ങള്‍ പൊതുയോഗം വിളിച്ചു ചേര്‍ത്ത് അംഗീകരിക്കേണ്ടതാണ്. അപ്രകാരം, കാലാനുസൃതമാക്കുന്നതിന്, മുന്‍വര്‍ഷങ്ങളില്‍ കുടിശ്ശികയായിട്ടുള്ള എല്ലാ ആഡിറ്റുകളും പൂര്‍ത്തിയാക്കിയാല്‍ മാത്രമേ കഴിയുകയുള്ളു.

2. മേൽ സാഹചര്യത്തിൽ സംസ്ഥാനത്തെ എല്ലാ സഹകരണ സ്ഥാപനങ്ങളിലെയും കുടിശ്ശിക ആഡിറ്റുകൾ 2013 ജൂൺ 30–നകം തീർക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. Cപ്രകാരം കുടിശ്ശിക ആഡിറ്റ് തീർപ്പാക്കുന്നതോടു കൂടി 2013 ആഗസ്റ്റ് 31–നകം തന്നെ 2012–13 വർഷത്തെ ആഡിറ്റും പൂർത്തിയാക്കി സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും എന്നാൽ മാത്രമേ സാമ്പത്തിക വർഷം അവസാനിച്ച് 6 മാസത്തിനകം പൊതുയോഗം കൂടി ആഡിറ്റ് സർട്ടിഫിക്കറ്റ് അംഗീകരിക്കണമെന്ന വ്യവസ്ഥ പാലിക്കുന്നതിനും കഴിയുകയുള്ളു.

4. റിക്കാർഡുകൾ ലഭ്യമല്ലാത്ത വിഭാഗത്തിൽ പെടുത്തിയ RNA സംഘങ്ങൾ പരിശോധിച്ചതിൽ, സംഘങ്ങൾ പലതും നിലവിൽ പ്രവർത്തിച്ചുവരുന്നതും, എന്നാൽ ആഡിറ്റിൽ ആവശ്യമായ സ്റ്റേറ്റ്മെന്റുകൾ ലഭ്യമാക്കാത്തതിനെ തുടർന്ന്, RNA എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തുകയാണുണ്ടായതെന്നും കാണുന്നു. ഇക്കാര്യത്തിൽ, സ്റ്റേറ്റ്മെന്റുകൾ ലഭിക്കുന്നതിന് യാതൊരു നടപടിയും സ്വീകരിക്കാതെ ഭൂരിഭാഗം സംഘങ്ങളെയും അസിസ്റ്റന്റ് രജിസ്ട്രാർ തലത്തിൽ RNA വിഭാഗത്തിൽ പെടുത്തിയതായാണ് കാണുന്നത്. RNA യിൽ ഉൾപ്പെടുത്തിയിട്ടുള്ള എല്ലാ സഹകരണ സംഘങ്ങളെയും ഓരോന്നായി പരിശോധിച്ച്, ആഡിറ്റ് ചെയ്യുവാൻ കഴിയുന്നതാണെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുകയും, ആഡിറ്റ് ചെയ്യുന്നതിന് ആവശ്യമായ സ്റ്റേറ്റ്മെന്റുകൾ/റിക്കാർഡുകൾ ലഭ്യമല്ലാത്ത കേസുകളിൽ ബന്ധപ്പെട്ട ഭരണ വകുപ്പുമായി ബന്ധപ്പെട്ട് ഇക്കാര്യത്തിൽ ഉത്തരവാദപ്പെട്ടവർക്കെതിരെ കേരള സഹകരണ നിയമം, ഇന്ത്യൻ ശിക്ഷാ നിയമം തുടങ്ങിയ നിയമങ്ങൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശിക്കേണ്ടതാണ്. RNA സംഘങ്ങളെ സംബന്ധിച്ച് സഹകരണ സംഘം രജിസ്ട്രാർ പുറപ്പെടുവിച്ചിട്ടുള്ള, 21/11/1974 ലെ 56/74–ാം നമ്പർ സർക്കുലർ, 26/12/1975 ലെ ജി.ഒ. (ആർ.റ്റി) 3630/75 എ.ഡി (അഗ്രികൾച്ചറൽ കോ–ഓപ്പറേറ്റിവ് എസ്റ്റാബ്ലിഷ്മെന്റ് വകുപ്പ്) സർക്കാർ നിർദ്ദേശങ്ങൾ എന്നിവ പാലിക്കേണ്ടതാണ്.

5. ആഡിറ്റ് നടത്തുന്നതിനായി ഓരോ ആഡിറ്റർമാർക്കും സംഘങ്ങൾ നിശ്ചയിച്ച് വ്യക്തമായ ഉത്തരവ്/നിർദ്ദേശം നൽകേണ്ടതും, നിർദ്ദേശിച്ച പ്രകാരം ആഡിറ്റ് കൃത്യമായും സമയബന്ധിതമായും നിർവ്വഹിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.
6. റിക്കാർഡുകൾ ലഭ്യമല്ലാത്ത വിഭാഗത്തിൽ പെടുത്തിയിട്ടുള്ള എല്ലാ സംഘങ്ങളും പരിശോധിച്ച്, ആഡിറ്റ് പൂർത്തിയാക്കാൻ കഴിയുന്ന സംഘങ്ങളുടെ ആഡിറ്റ് തീർപ്പാക്കാൻ നടപടി സ്വീകരിക്കേണ്ടതും, ഇതിനായി ബന്ധപ്പെട്ട വകുപ്പ തലവൻമാരുമായി ബന്ധപ്പെട്ട് തുടർ നടപടികൾ സ്വീകരിക്കേണ്ടതും, യാതൊരു വിധത്തിലും പ്രവർത്തിക്കാൻ കഴിയില്ലെന്ന് ഉറപ്പുള്ളവ, ലിക്വിഡേറ്റ് ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.
7. 2012–13 വരെയുള്ള എല്ലാ ആഡിറ്റും തീർത്ത് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിന് പ്രായോഗികമായ ഒരു ആക്ഷൻ പ്ലാൻ, ഡയറക്ടർ ഓഫ് കോ–ഓപ്പറേറ്റിവ് ആഡിറ്റ് തലത്തിൽ തയ്യാറാക്കേണ്ടതും അപ്രകാരം തയ്യാറാക്കുന്ന ആക്ഷൻ പ്ലാൻ പ്രകാരം 2012–13 വർഷം വരെയുള്ള ആഡിറ്റ് പൂർണ്ണമായും തീർന്നു എന്ന് ഉറപ്പാക്കേണ്ടതുമാണ്.
8. ആഡിറ്റ് തീർപ്പാക്കുന്നതിനെ സംബന്ധിച്ചുള്ള നടപടികൾ അവലോകനം ചെയ്യുന്നതിനും ഇക്കാര്യത്തിലുള്ള പുരോഗതി വിലയിരുത്തുന്നതിനുമായി ഇതിനായി രൂപീകരിക്കുന്ന താലൂക്ക്, ജില്ലാ തല കമ്മിറ്റികൾ ഉടൻ കൂടേണ്ട–താണ്. താലൂക്ക് തല കമ്മിറ്റികൾ മാർച്ച് 8–ന് മുൻപ് കൂടേണ്ടതും ടി കമ്മിറ്റിയിൽ താലൂക്കിലെ ആഡിറ്റ് വിഭാഗം അസിസ്റ്റന്റ് ഡയറക്ടർ സംഘങ്ങളുടെ ആഡിറ്റ് സ്ഥിതിയെ സംബന്ധിച്ച ഒരു റിപ്പോർട്ട് അവതരിപ്പിക്കേണ്ടതുമാണ്. റിപ്പോർട്ടിൽ ഓരോ വകുപ്പിന്റെയും ഭരണനിയന്ത്രണത്തിലുള്ള താലൂക്കിലെ ആഡിറ്റ് നടത്തേണ്ട സംഘങ്ങളുടെ ലിസ്റ്റും, ഓരോ സംഘവും ഏതുവരെ ആഡിറ്റ് ചെയ്തിട്ടുണ്ടെന്നും, ഇനി ബാക്കിയുള്ള ആഡിറ്റ്, ആഗസ്റ്റ് 31 നകം പൂർത്തിയാക്കുന്നതിനായി തയ്യാറാക്കിയട്ടുള്ള ആക്ഷൻ പ്ലാൻ സമർപ്പിക്കേണ്ടതുമാണ്. ടി റിപ്പോർട്ടിൽ ഓരോ വകുപ്പിന്റെയും കീഴിൽ RNA യിലേയ്ക്ക് മാറ്റിയിട്ടുള്ള, സംഘത്തിന്റെ പേരും എന്നു മുതലാണ് RNA യിലേയ്ക്ക് മാറ്റിയിട്ടുള്ളതെന്നും സംഘത്തിന്റെ റിക്കോർഡുകൾ ലഭ്യമാകാത്തതിന് കാരണവും, ആയതിനായി സ്വീകരിച്ചിട്ടുള്ള നടപടികളും പരാമർശിക്കേണ്ടതാണ്. താലൂക്ക് തല യോഗത്തിൽ അവതരിപ്പിക്കുന്ന റിപ്പോർട്ടിന്റെ

പകർപ്പ് നിർബന്ധമായും എല്ലാ കമ്മിറ്റി അംഗങ്ങൾക്ക് നൽകേണ്ടതും പകർപ്പ് 10-ാം തീയതിക്കകം സഹകരണ സംഘം രജിസ്ട്രാർക്കും സഹകരണ ആഡിറ്റ് ഡയറക്ടർക്കും സമർപ്പിക്കേണ്ടതുമാണ്. സംസ്ഥാനത്തൊട്ടാകെ താലൂക്ക് തല കമ്മിറ്റികളുടെ ആദ്യയോഗം 2013 മാർച്ച് 8 നകം, ചേരേണ്ടതും തുടർന്നുള്ളവ 2013 ഏപ്രിൽ 15, മെയ്യ് 15, ജൂൺ 15 എന്നീ തീയതികളിൽ യോഗം ചേർന്ന് പുരോഗതി വിലയിരുത്തേണ്ടതും പുരോഗതി റിപ്പോർട്ട് സഹകരണ സംഘം രജിസ്ട്രാർ, സഹകരണ ആഡിറ്റ് ഡയറക്ടർ എന്നിവർക്ക് അതാത് മാസം 20-ാം തീയതികകം സമർപ്പിക്കേണ്ടതുമാണ്. ഓരോ മാസത്തെയും അവ ലോകന വേളയിൽ, ആഡിറ്റ് തീർക്കുന്നതിനുള്ള പ്രായോഗിക പ്രശ്നങ്ങൾ, പരി ഹാരങ്ങൾ എന്നിവ ചർച്ച ചെയ്യേണ്ടതും, ടി വിവരം കൂടി റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്.

9. താലൂക്ക് തല ആക്ഷൻ പ്ലാനുകളുടെ അടിസ്ഥാനത്തിൽ, ജില്ലാ തലത്തിൽ ജോയിന്റ് ഡയറക്ടർ തലത്തിൽ അംഗീകരിച്ച് നൽകേണ്ടതും/ആഡിറ്റ് പൂർത്തീ കരിച്ച് നൽകേണ്ടതുമായ സംഘങ്ങളുടെ ആഡിറ്റ് കൂടി ഉൾപ്പെടുത്തി ജില്ലാ തല ആക്ഷൻ പ്ലാൻ ജോയിന്റ് ഡയറക്ടർ തയ്യാറാക്കേണ്ടതുമാണ്.
10. ഇതിനായി ജില്ലാ തലത്തിൽ ഒരു കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീക രിക്കേണ്ടതും ഓരോമാസവും 20-ാം തീയതിയ്ക്കകം യോഗം ചേർന്ന് പുരോഗതി കർശനമായി വിലയിരുത്തേണ്ടതും പുരോഗതി റിപ്പോർട്ട് അതാത് മാസം 25-ാം തീയതികകം സഹകരണ സംഘം രജിസ്ട്രാർക്കും സഹകരണ ആഡിറ്റ് ഡയറക്ടർക്കും സമർപ്പിക്കേണ്ടതുമാണ്.
11. ആഡിറ്റ് സമകാലീനമാക്കുന്നതിനായി ഗ്രൂപ്പ്/ടീം അടിസ്ഥാനത്തിൽ ആഡിറ്റ് നടത്താവുന്നതാണ്. അതോടൊപ്പം ഒഴിവുള്ള തസ്തികയിലേയ്ക്ക് എംപ്ലോ യ്മെന്റ് എക്സ്ചേഞ്ച് മുഖേനയോ, വകുപ്പ് ഉദ്യോഗസ്ഥരെ വിന്യസിച്ചോ, സഹകരണ ആഡിറ്റ് വിഭാഗത്തിൽ കുറഞ്ഞത് 5 വർഷത്തെ പരിചയവും, റിട്ടയർ ചെയ്തിട്ട് 5 വർഷം തികയാത്ത വരും, ആഡിറ്ററായിരുന്ന വേളയിൽ പരാതികൾക്കിടാകാത്തവിധം ജോലി നിർവ്വഹിച്ചവരുമായ വകുപ്പ് ഉദ്യോഗസ്ഥ ന്മാരായിരുന്നവരുടെ ഒരു പാനൽ ജില്ലാതലത്തിൽ ജോയിന്റ് ഡയറക്ടർ തയ്യാറാക്കി അവരുടെ സേവനം കൂടി ആഡിറ്റ് പൂർത്തിയാക്കുന്നതിന് ഉപയോഗി ക്കാവുന്നതാണ്. ഇവരുടെ പ്രതിഫലം സംബന്ധിച്ച നിർദ്ദേശങ്ങൾ പിന്നാലെ പുറപ്പെടുവിക്കുന്നതാണ്.

12. ജില്ലാ ജനറൽ വിഭാഗം ജോയിന്റ് രജിസ്ട്രാർമാർ, ജനറൽ വിഭാഗം അസിസ്റ്റന്റ് രജിസ്ട്രാർമാർ എന്നിവർ ആഡിറ്റ് കാലാനുസൃതമാക്കുന്നതിന് സാധ്യമായ എല്ലാ സഹായങ്ങളും ആഡിറ്റ് വിഭാഗത്തിന് നൽകേണ്ടതാണ്.
13. ജില്ലാ തല ആഡിറ്റ് അവലോകന കമ്മിറ്റി ഓരോ മാസവും വിളിച്ച് ചേർക്കുന്ന തിനും ജില്ലാ കളക്ടർമാരുമായി ജോയിന്റ് ഡയറക്ടർമാർ ബന്ധപ്പെട്ട് നടപടി സ്വീകരിക്കേണ്ടതാണ്.
14. ഏറ്റവും കൂടുതൽ ആഡിറ്റ് നടത്തി സർട്ടിഫിക്കറ്റുകൾ സമർപ്പിക്കുന്ന ആഡിറ്റർമാർക്ക് പ്രോത്സാഹനമായി സദ്രേഖ/അവാർഡുകൾ എന്നിവ നൽകു-ന്നതിന് ഡയറക്ടർ തലത്തിൽ നടപടികൾ സ്വീകരിക്കാവുന്നതാണ്.
15. സർക്കുലർ നിർദ്ദേശ പ്രകാരമുള്ള പ്രവർത്തനങ്ങളിൽ വീഴ്ച വരുത്തുന്ന വകുപ്പ് ഉദ്യോഗസ്ഥൻമാർക്കെതിരെ കേരള സിവിൽ സർവ്വീസസ് (തരം തിരിക്കലും, നിയന്ത്രണവും) ചട്ടങ്ങൾ പ്രകാരം നടപടികൾ സ്വീകരിക്കുന്നതും, ആഡിറ്റ് സുഗമമായി നടത്തേണ്ടുന്നതിനാവശ്യമായ റിക്കാർഡുകൾ, സ്റ്റേറ്റ്മെന്റുകൾ, ലിസറ്റുകൾ, തുടങ്ങിയവ യഥാസമയം നൽകാതെ വിഴ്ച വരുത്തുന്ന സഹകരണ സംഘങ്ങൾക്കെതിരെ, കേരള സഹകരണ നിയമം വകുപ്പ്, ചട്ടം എന്നിവയിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം നടപടികളും സ്വീക രിക്കേണ്ടതാണ്.

ടി ക്യാമ്പയിന്റെ സുഗമമായ നടത്തിപ്പിനും സമയ ബന്ധിതമായി പരിപാടികൾ ആവിഷ്കരിച്ച് ആഡിറ്റ് പൂർത്തിയാക്കുന്നതിനും നടപ്പിലാക്കുന്നതി നുമായി രൂപീകരിച്ചിട്ടുള്ള വിവിധ തല കമ്മിറ്റികളുടെ ഘടന ചുവടെ ചേർക്കുന്നു.

## <u>താലൂക്ക് തല കമ്മിറ്റി</u>

| | | | |
|---|---|---|---|
| 1) | ചെയർമാൻ സർക്കിൾ സഹകരണ യൂണിയൻ | – | അദ്ധ്യക്ഷൻ. |
| 2) | സർക്കിൾ സഹകരണ യൂണിയൻ അംഗങ്ങൾ | – | അംഗങ്ങൾ |
| 3) | അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) | – | അംഗം |
| 4) | ജില്ലാ സഹകരണ ബാങ്ക് എക്സിക്യൂട്ടിവ് ഓഫീസർ/ബാങ്ക് മാനേജർ | – | അംഗം |
| 5) | മറ്റ് വകുപ്പ്കളിലെ താലൂക്ക് തല ഓഫീസർമാർ | – | അംഗങ്ങൾ |
| 6) | അസിസ്റ്റന്റ് ഡയറക്ടർ | – | കൺവീനർ |

## ജില്ലാ തല കമ്മിറ്റി

| | | |
|---|---|---|
| 1. ജില്ലാ ബാങ്ക് പ്രസിഡന്റ് | – | ചെയർമാൻ |
| 2. ജോയിന്റ് രജിസ്ട്രാർ (ജനറൽ) | – | അംഗം |
| 3. എല്ലാ ജില്ലാ തല ഫങ്ഷണൽ രജിസ്ട്രാർമാർ/ഓഫീസർമാർ | – | അംഗങ്ങൾ |
| 4. ജില്ലയിലുള്ള സർക്കിൾ സഹകരണ യൂണിയൻ ചെയർമാൻമാർ | – | അംഗങ്ങൾ |
| 5. ജില്ലയിലെ എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) മാർ | – | അംഗങ്ങൾ |
| 6. ജില്ലയിലെ എല്ലാ അസിസ്റ്റന്റ് ഡയറക്ടർമാർ | – | അംഗങ്ങൾ |
| 7. ജോയിന്റ് ഡയറക്ടർ(ആഡിറ്റ്) | – | കൺവീനർ |

മേൽ കമ്മിറ്റികളുടെ പ്രവർത്തനം ഏകോപിക്കുന്നതിനും പുരോഗതി വിലയിരുത്തുന്നതിനുമായി സംസ്ഥാന തലത്തിൽ താഴെ പറയും പ്രകാരം ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

## സംസ്ഥാന തല മോണിറ്ററിംഗ് കമ്മിറ്റി

| | | |
|---|---|---|
| 1. സഹകരണ വകുപ്പ് മന്ത്രി | – | ചെയർമാൻ |
| 2. സഹകരണ വകുപ്പ് സെക്രട്ടറി | – | അംഗം |
| 3. സഹകരണ സംഘം രജിസ്ട്രാർ | – | അംഗം |
| 4. അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്) | – | അംഗം |
| 5. മറ്റ് ഫങ്ഷണൽ രജിസ്ട്രാർമാർ/ ഡയറക്ടർമാർ | – | അംഗങ്ങൾ |
| 6. സഹകരണ ആഡിറ്റ് ഡയറക്ടർ | – | കൺവീനർ |
| 7. അഡീഷണൽ ഡയറക്ടർ (ആഡിറ്റ്) | – | ജോയിന്റ് കൺവീനർ |

ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥർ, സർക്കുലർ നിർദ്ദേശങ്ങൾ എല്ലാ സംഘങ്ങളുടെയും ശ്രദ്ധയിൽ കൊണ്ടു വരേണ്ടതും ആഡിറ്റ് സമയബന്ധിതമായി പൂർത്തിയാക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ നിർബന്ധമായും നടത്തേണ്ടതുമാണ്. ഇതു സംബന്ധിച്ച് കൂടുതൽ തുടർ നിർദ്ദേശങ്ങൾ ആഡിറ്റ് ഡയറക്ടർ പുറപ്പെടുവിക്കേണ്ടതാണ്.

സംസ്ഥാന തലത്തിൽ, സഹകരണ ആഡിറ്റ് ഡയറക്ടറുടെ ആഫീസിൽ അഡീഷണൽ ഡയറക്ടർ (ആഡിറ്റ്) ഉം, സഹകരണ സംഘം രജിസ്ട്രാറുടെ ആഫീസിൽ ഡെപ്യൂട്ടി രജിസ്ട്രാർ (ഐ.സി.ഡി.പി)യുമായിരിക്കും ഈ ക്യാമ്പയിൻ സംബന്ധിച്ച നോഡൽ ആഫീസമാർ.

**ഒപ്പ്,**
**കെ.വി.സുരേഷ് ബാബു**
**സഹകരണസംഘം രജിസ്ട്രാറുടെ ചുമതല**
**വഹിക്കുന്ന അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്)**